പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2403 12.03.2020 ൽ മറുപടിയ്ക്ക്

## വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കൽ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗള്ളി പ്ലഗ്ഗിംങ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും, ചതുപ്പുകൾ വൃത്തിയാക്കിയും, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും, വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തു വരുന്നു. കൂടാതെ, ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തിവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലേർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.<br>വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി, സംസ്ഥാനത്ത് വനാതിർത്തിയിൽ 2018-19 വരെ 2413.7 കി.മീ. സൗരോർജ്ജവേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 176.133 കി.മീ, ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വന്യജീവി സംഘർഷങ്ങൾ കൂടുതലായുള്ള മേഖലകളിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ജനജാഗ്രതാസമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച പരിഹാര മാർഗ്ഗങ്ങളും ഉപാധികളും ജനപ്രതിനിധികളുടെ സഹകരണത്തോടെ ചർച്ച ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ജനജാഗ്രതാ സമിതിയിൽ തീരുമാനിച്ച് നടപ്പിലാക്കുന്നതാണ്. വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇവരുടെ സഹകരണത്തിലാണ് നടത്തി വരുന്നത്. ജനജാഗ്രത സമിതികളുടെ പ്രവർത്തനത്തിന്റെ ഫലമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനും അതോടൊപ്പം ജനങ്ങൾക്ക് സമയോചിതമായി മുന്നറിയിപ്പ് നൽകുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ